**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 455** | **08-07-2024 - ൽ മറുപടിയ്ക്ക്**

**കനത്ത ചൂടിനെ അതിജീവിക്കുന്നതിനുള്ള ക്രമീകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇത്തവണ കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുണ്ടായ അതികഠിനമായ ചൂടിനെ അതിജീവിക്കുന്നതിനും ഉഷ്ണതരംഗ സാധ്യതകൾ കണക്കിലെടുത്തും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ദുരന്തനിവാരണ അതോറിറ്റിയുടെ അവലോകനയോഗത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ തീരുമാനിച്ചതെന്ന് അറിയിക്കുമോ; | (എ) | **ചരിത്രത്തിൽ ആദ്യമായി കേരളത്തിൽ തുടർച്ചയായ ദിവസങ്ങളിൽ ഉഷ്ണതരംഗം ഔദ്യോഗികമായി സ്ഥിരീകരിച്ച വർഷമാണ് 2024. നിരവധി ദിവസം പല സ്ഥലങ്ങളും ഉയർന്ന താപനില 40 ഡിഗ്രിക്ക് മുകളിലായിരുന്നു. എല്ലാ ജില്ലകളിലും അസാധാരണമായ ചൂട് നിലനിന്നിരുന്നു. അന്തരീക്ഷത്തിലെ ആർദ്രത (humidity) വർദ്ധിച്ചതും തീരദേശ സംസ്ഥാനമായ നമുക്ക് കടുത്ത പ്രയാസമാണുണ്ടാക്കിയത്. സൂര്യതാപം വർദ്ധിച്ചതുമൂലം നിരവധി ആരോഗ്യപ്രശ്നങ്ങളും മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്ന് നിലനിന്നിരുന്ന സാഹചര്യം വിലയിരുത്തി പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിയിരുന്നു.**<br><br>**02.05.2024-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം ജനങ്ങൾ പാലിക്കേണ്ടതും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ബന്ധപ്പെട്ട വകുപ്പുകളും ഏറ്റെടുത്ത് നടത്തേണ്ടതുമായ താഴെ പറയുന്ന തീരുമാനങ്ങളാണെടുത്തത്.**<br><br>**1. വേനൽകാല മുൻകരുതലിന്റെ ഭാഗമായി ജില്ലകളിൽ നടത്തി വരുന്ന നടപടികൾ കൂടുതൽ ജാഗ്രതയോടെ തുടരുക.**<br><br>**2. പകൽ 11 മണി മുതൽ 3.00 മണി വരെ നേരിട്ടുള്ള സൂര്യതാപം ഏൽക്കാതിരിക്കുക. നിർജ്ജലീകരണം തടയുന്നതിന് ആവശ്യത്തിന് വെള്ളം കുടിക്കുന്നതിന് ഓരോ വ്യക്തിയും ശ്രദ്ധിക്കുക.**<br><br>**3.ഈ സമയത്ത് നിർമ്മാണത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ തുടങ്ങിയവർ വെയിലിൽ ജോലി ചെയ്യുന്നത് ഒഴിവാക്കുക.**<br><br>**4. ഒപ്പം വെക്കേഷൻ ക്ലാസ്സുകൾ ഒഴിവാക്കുക. എന്നാൽ ഓൺലൈൻ ക്ലാസ്സുകൾ നടത്താവുന്നതാണ്.**<br><br>**5. പരേഡുകൾ, NCC, കായിക മത്സരങ്ങൾ എന്നിവ ഒഴിവാക്കുക.** |

| | | | |
|---|---|---|---|
| | | | **6. ആസ്ബസ്റ്റോസ്, അലുമിനിയം ഷീറ്റുകളുള്ള വീട്ടുകളിൽ താമസിക്കുന്ന അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെ താത്ക്കാലികമായി ക്യാമ്പുകളിലേയ്ക്ക് മാറ്റി പാർപ്പിക്കുക.**<br><br>**7. ചൂടിന്റെ കാഠിന്യമേറിയ സമയങ്ങളിൽ കന്നുകാലികളെ മേയാൻ വിടുന്നത് ഒഴിവാക്കുക.**<br><br>**8.ആദിവാസികൾക്കും തോട്ടം തൊഴിലാളികൾക്കും മറ്റും കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുക.**<br><br>**9. ആശുപത്രികൾ, സ്കൂളുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിലെ മാലിന്യ കൂമ്പാരങ്ങളിൽ കൃത്യമായി ഫയർ ഓഡിറ്റ് ചെയ്യുക.**<br><br>**10. കാട്ടുതീ ഒഴിവാക്കുന്നതിന് ഫോറസ്റ്റ് ഓഫീസർമാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുക.**<br><br>**11. സംസ്ഥാനത്ത് ഒട്ടാകെ കൂടുതൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനൊപ്പം മുൻപ് നട്ടുപിടിപ്പിച്ചവ പരിപാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക** |
| (ബി) | പ്രസ്തുത തീരുമാനപ്രകാരം സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിലും മറ്റും എന്തെല്ലാം ക്രമീകരണങ്ങൾ വരുത്തുന്നതിനാണ് നിർദേശം നൽകിയതെന്ന് വിശദീകരിക്കാമോ; | (ബി) | **ചരിത്രത്തിൽ ആദ്യമായി കേരളത്തിൽ തുടർച്ചയായ ദിവസങ്ങളിൽ ഉഷ്ണതരംഗം ഔദ്യോഗികമായി സ്ഥിരീകരിച്ച വർഷമാണ് 2024. നിരവധി ദിവസം പല സ്ഥലത്തും ഉയർന്ന താപനില 40 ഡിഗ്രിക്ക് മുകളിലായിരുന്നു. എല്ലാ ജില്ലകളിലും അസാധാരണമായ ചൂട് നിലനിന്നിരുന്നു. അന്തരീക്ഷത്തിലെ ആർദ്രത (humidity) വർദ്ധിച്ചതും തീരദേശ സംസ്ഥാനമായ നമുക്ക് കടുത്ത പ്രയാസമാണുണ്ടാക്കിയത്. സൂര്യതാപം വർദ്ധിച്ചതുമൂലം നിരവധി ആരോഗ്യപ്രശ്നങ്ങളും മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്ന് നിലനിന്നിരുന്ന സാഹചര്യം വിലയിരുത്തി പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിയിരുന്നു.**<br><br>**02.05.2024-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം ജനങ്ങൾ പാലിക്കേണ്ടതും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ബന്ധപ്പെട്ട വകുപ്പുകളും ഏറ്റെടുത്ത് നടത്തേണ്ടതുമായ താഴെ പറയുന്ന തീരുമാനങ്ങളാണെടുത്തത്.**<br><br>**1. വേനൽകാല മുൻകരുതലിന്റെ ഭാഗമായി ജില്ലകളിൽ നടത്തി വരുന്ന നടപടികൾ കൂടുതൽ ജാഗ്രതയോടെ തുടരുക.**<br><br>**2. പകൽ 11 മണി മുതൽ 3.00 മണി വരെ നേരിട്ടുള്ള സൂര്യതാപം ഏൽക്കാതിരിക്കുക. നിർജ്ജലീകരണം തടയുന്നതിന് ആവശ്യത്തിന് വെള്ളം കുടിക്കുന്നതിന് ഓരോ വ്യക്തിയും ശ്രദ്ധിക്കുക.**<br><br>**3.ഈ സമയത്ത് നിർമ്മാണത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ തുടങ്ങിയവർ വെയിലിൽ ജോലി ചെയ്യുന്നത് ഒഴിവാക്കുക.** |

<table>
<tr>
<td></td>
<td></td>
<td></td>
<td>
4. ഒപ്പം വെക്കേഷൻ ക്ലാസ്സുകൾ ഒഴിവാക്കുക. എന്നാൽ ഓൺലൈൻ ക്ലാസ്സുകൾ നടത്താവുന്നതാണ്.<br><br>
5. പരേഡുകൾ, NCC, കായിക മത്സരങ്ങൾ എന്നിവ ഒഴിവാക്കുക.<br><br>
6. ആസ്ബസ്റ്റോസ്, അലുമിനിയം ഷീറ്റുകളുള്ള വീടുകളിൽ താമസിക്കുന്ന അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെ താത്ക്കാലികമായി ക്യാമ്പുകളിലേയ്ക്ക് മാറ്റി പാർപ്പിക്കുക.<br><br>
7. ചൂടിന്റെ കാഠിന്യമേറിയ സമയങ്ങളിൽ കന്നുകാലികളെ മേയാൻ വിടുന്നത് ഒഴിവാക്കുക.<br><br>
8.ആദിവാസികൾക്കും തോട്ടം തൊഴിലാളികൾക്കും മറ്റും കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുക.<br><br>
9. ആശുപത്രികൾ, സ്കൂളുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിലെ മാലിന്യ കൂമ്പാരങ്ങളിൽ കൃത്യമായി ഫയർ ഓഡിറ്റ് ചെയ്യുക.<br><br>
10. കാട്ടുതീ ഒഴിവാക്കുന്നതിന് ഫോറസ്റ്റ് ഓഫീസർമാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുക.<br><br>
11. സംസ്ഥാനത്ത് ഒട്ടാകെ കൂടുതൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനൊപ്പം മുൻപ് നട്ടുപിടിപ്പിച്ചവ പരിപാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക
</td>
</tr>
<tr>
<td>(സി)</td>
<td>കനത്ത ചൂടിനെ തുടർന്ന് സംസ്ഥാനത്ത് ഇത്തവണയുണ്ടായ കൃഷിനാശത്തിന്റെ തോത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ നഷ്ടമാണുണ്ടായത് എന്ന് വ്യക്തമാക്കുമോ;</td>
<td>(സി)</td>
<td>
വരൾച്ച ബാധിത കൃഷിയിടങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖേന പരിശോധിച്ച് നഷ്ടം വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം 46,587 ഹെക്ടറിൽ കൃഷി നാശം സംഭവിച്ചുവെന്നും ഇത് 257.12 കോടി രൂപയോളം വരുമെന്നും കണക്കാക്കിയിട്ടുണ്ട്. ഉല്പാദനനഷ്ടവും വിപണി മൂല്യത്തിന്റെ കുറവും കൂടി കണക്കാക്കുമ്പോൾ 118.69 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ട്.<br><br>
പ്രധാന വിളകളുടെ കൃഷിനാശം ഹെക്ടറിൽ താഴെ പറയും പ്രകാരമാണ്.<br><br>
<table>
<tr><td>നെല്ല്-6369</td><td>വാഴ-2884</td><td>കുരുമുളക്- 3182</td></tr>
<tr><td>തെങ്ങ് - 521</td><td>ഏലം - 30536</td><td>അടയ്ക്ക - 1577</td></tr>
<tr><td>കാപ്പി - 261</td><td>ജാതി - 303</td><td>കൊക്കോ - 61</td></tr>
<tr><td>റബർ - 336</td><td>പച്ചക്കറി വിളകൾ - 603</td><td>പഴവർഗ്ഗങ്ങൾ - 100</td></tr>
</table>
<br>
ഇടുക്കിയിൽ 15,731 ഹെക്ടറിലെ ഏലം കൃഷി നശിച്ചു.
</td>
</tr>
<tr>
<td>(ഡി)</td>
<td>കൃഷിനാശമടക്കമുള്ളവയുടെ നഷ്ടപരിഹാരത്തിനായി കേന്ദ്ര സർക്കാർ സഹായം നൽകിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?</td>
<td>(ഡി)</td>
<td>പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശത്തിന് സംസ്ഥാന-കേന്ദ്രവിഹിതം ഉൾപ്പെടുന്ന തോതിലുള്ള ധനസഹായം നൽകി വരുന്നു. സംസ്ഥാനത്ത് നിലനിന്ന സാഹചര്യം വിലയിരുത്തി കേന്ദ്രത്തിൽ നിന്നും പ്രത്യേക ധനസഹായം ലഭിച്ചിട്ടില്ല. കേന്ദ്ര</td>
</tr>
</table>

| | | | |
|---|---|---|---|
| | | | **സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപുറമേ, ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്തിട്ടുള്ള term ഷീറ്റുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ച നിരക്ക് പ്രകാരം ആനുകൂല്യവും നൽകുന്നതാണ്.** |

സെക്ഷൻ ഓഫീസർ